# Deepika

# 23 July 2018

# Kottayam; Heavy rain ,Media crew Missing

## ന്യൂസ് സംഘം സഞ്ചരിച്ച വള്ളം മുങ്ങി; രണ്ട് പേരെ കാണാതായി

രണ്ട് പേരെ രക്ഷപ്പെടുത്തി

***

തിരച്ചിൽ ഇന്ന് തുടരും

**കോട്ടയം:** വൈക്കം കല്ലറ മുണ്ടാറിൽ ദുരിതാശ്വാസ ക്യാമ്പിലെ വാർത്ത റിപ്പോർട്ട് ചെയ്യാൻ പോയ മാതൃഭൂമിയുടെ മാധ്യമ സംഘം സഞ്ചരിച്ച വള്ളം മുങ്ങി. രണ്ട് പേരെ നാട്ടുകാർ രക്ഷപ്പെടുത്തി. രണ്ട് പേർക്കുവേണ്ടി തിരച്ചിൽ തുടരുന്നു. വള്ളത്തിൽ ഉണ്ടായിരുന്ന റിപ്പോട്ടർ ശ്രീധരനെയും ക്യാമറമാൻ അഭിലാഷിനെയുമാണ് നാട്ടുകാർ രക്ഷപ്പെടുത്തിയത്. ഇവരെ മുട്ടുചിറയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരുവരുടെയും നില ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ന്യൂസ് ചാനൽ സംഘത്തിലെ തിരുവല്ല ബ്യൂറോയിലെ ഡ്രൈവർ ബിപിനേയും (23) മാധ്യമ പ്രവർത്തകർക്ക് വഴി കാണിക്കാൻ പോയ കടുത്തുരുത്തി സ്വദേശിയായ സജിയേയുമാണ് കാണാതായത്. ഇന്നലെ ഉച്ചക്ക് ഒന്നരയോടെ വൈക്കം കല്ലറ മുണ്ടാറിലായിരുന്നു സംഭവം.

ഒറ്റപ്പെട്ടു കിടക്കുന്ന മുണ്ടാർ പ്രദേശത്തെ ദുരിതാശ്വാസ ക്യാമ്പിലെ വാർത്ത റിപ്പോർട്ട് ചെയ്യുന്നതിനായി പോയതായിരുന്നു മാതൃഭൂമി ന്യൂസ് സംഘം. തിരുവല്ലയിൽ നിന്നുള്ള യൂനിറ്റും കോട്ടയത്തെ റിപ്പോർട്ടറും അടങ്ങുന്ന സംഘമാണ് വള്ളത്തിൽ യാത്ര തിരിച്ചത്. ഇവിടെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച ശേഷം തിരികെ എത്തുന്നതിനിടെയാണ് അപകടമുണ്ടായത്. ഇവർ സഞ്ചരിച്ച വള്ളം കാറ്റിൽപ്പെട്ട് മുങ്ങുകയായിരുന്നു. ഇന്നലെ രാവിലെയാണ് സംഘം ഇവിടെ എത്തിയത്. നാട്ടുകാരും പിന്നാലെ എത്തിയ വള്ളത്തിലുണ്ടായിരുന്നവരും ആറ്റിലേക്ക് എടുത്ത് ചാടിയാണ് അപകടത്തിൽപ്പെട്ടവരെ രക്ഷിച്ചത്. സംഭവ സ്ഥലത്തെത്തിയ അഗ്നിരക്ഷാസേനാ അധികൃതർ തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ, സ്കൂബ ഡൈവേഴ്സ്, നേവി എന്നിവരാണ് തിരച്ചിൽ നടത്തുന്നത്.

ഇന്നലെ ഏഴരയോടെ തിരച്ചിൽ താത്കലികമായി അവസാനിപ്പിച്ചു. കൊച്ചിയിൽ നിന്ന് നേവിയുടെ പ്രത്യേക മുങ്ങൽ വിദഗ്ധ സംഘമെത്തിയ ശേഷം ഇന്ന് തിരച്ചിൽ പുനരാരംഭിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, സുരേഷ് കുറുപ്പ്, സി കെ ആശ, ജില്ലാ കലക്ടർ ഡോ. ബി എസ് തിരുമേനി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സണ്ണി പാമ്പാടി എന്നിവർ സ്ഥലത്തെത്തി രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശം നൽകി.